# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 958** **30.10.2019 ലെ മറുപടി**

## പുഴകളും ജലാശയങ്ങളും മാലിന്യമുക്തമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ പുഴകളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യങ്ങൾ ഒഴുക്കിവിടുന്നതും ഒഴുകിവരുന്നതും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ പുഴകളിലും മറ്റു ജലാശയങ്ങളിലും മാലിന്യം വിവിധ കാരണങ്ങളാൽ എത്തിച്ചേരുന്നുണ്ട്. നഗരങ്ങൾ/ചെറുപട്ടണങ്ങൾ/ഗ്രാമങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള ഖര-ദ്രവമാലിന്യം ഓടകൾ വഴിയും ചെറുതോടുകൾ മുഖേനയും പ്രധാന ജലസ്രോതസ്സുകളിൽ എത്തിച്ചേരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്, ജലസേചനവകുപ്പ് എന്നീ ഏജൻസികൾ/വകുപ്പുകളാണ് പ്രധാനമായും മാലിന്യം ജലസ്രോതസ്സുകളിൽ എത്തുന്നത് തടയാൻ നടപടികൾ സ്വീകരിക്കുന്നത്. നദികളിലെയും മറ്റ് ജലസ്രോതസ്സുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകൾ, വെൻറഡ് ക്രോസ് ബാറുകൾ, റഗുലേറ്ററുകൾ എന്നിവ നിർമ്മിക്കുന്ന പ്രവർത്തനം ജലസേചനവകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. ഇതോടൊപ്പം, സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പുഴകൾക്കു കുറുകെയുള്ള പാലങ്ങളിൽ കമ്പിവേലി സ്ഥാപിച്ച് പാലത്തിൽനിന്നുള്ള മാലിന്യനിക്ഷേപം തടയുന്ന പ്രവൃത്തിയും നിർവ്വഹിച്ചുവരുന്നു. പമ്പാ നദിയിൽ, പമ്പയിലെ മാലിന്യപ്രശ്നം ലഘൂകരിക്കുന്ന തിനായി ഷട്ടറുകളോടുകൂടിയ ക്രോസ് ബാറുകൾ നിർമ്മിച്ചിട്ടുണ്ട്. റോഡുകളിലെ ഓടകൾ നേരിട്ട് പുഴകളിൽ എത്തിച്ചേരുന്നത് ഒഴിവാക്കാൻ സാധിച്ചാൽ മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ കഴിയും. |

| | | | |
|---|---|---|---|
| (ബി) | ജലാശയങ്ങളും പുഴകളും മലിനമാക്കുന്നവർക്കെതിരെ എന്തൊക്കെ നിയമ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (ബി) | ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ 2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) നിയമം അനുസരിച്ചുള്ള നടപടിയാണ് ജലസേചന വകുപ്പ് സ്വീകരിക്കുന്നത്. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല (മലിനീകരണ നിവാരണവും നിയന്ത്രണവും) നിയമം, 1974, പരിസ്ഥിതി സംരക്ഷണ നിയമം,1986 എന്നിവ പ്രകാരം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടു വന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ